**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി) യുടെ നടപടിക്രമം**

വിഷയം - **ആ.വ.ഡ - ജീവനക്കാര്യം** - ദ്വിഭരണ സംമ്പ്രദായം നിർത്തലാക്കിയ സാഹചര്യത്തിൽ സ്റ്റാഫ് നേഴ്സുമാരെ സീനിയോരിറ്റി പട്ടികയിൽ പേര് ചേർത്ത് പുറപ്പെടുവിക്കുന്ന ഉത്തരവ്.

സൂചന - 1) ജി.ഒ (ആർ.റ്റി.) നമ്പർ 3554/2017/ആ.കു.വ. തീ: 18.12.2017.
2)ജി.ഒ (ആർ.റ്റി.) നമ്പർ 3606/2017/ആ.കു.വ. തീ: 22.12.2017.
3) ഈ ഓഫീസിലെ ഉത്തരവ് നമ്പർ ഇ.എസ്.3-76025/2010 /ഡി.എച്ച്.എസ്. തീയതി: 03.01.2013.
4)ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടീസ് തീയതി 22/2/2018.

**ഉത്തരവ് നമ്പർ ഇ.എസ്.3-20120/17/ആ.വ.ഡ തീയതി 26/04/2018.**

ദ്വിഭരണ സംമ്പ്രദായം നിർത്തലാക്കിയതിൻെറ ഫലമായി മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്തിരുന്നതും ഡി.എം.ഇ.യിൽ ഓപ്ഷൻ നൽകാത്തതുമായ സ്റ്റാഫ് നേഴ്സുമാരെ അവർ ജോലി ചെയ്തിരുന്ന ജില്ലകളിൽ ഒഴിവില്ലാത്തതിനാൽ ഭരണപരമായ കാരണങ്ങളാൽ മറ്റു ജില്ലകളിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത ജീവനക്കാരെ സീനിയോറിറ്റി സ്ഥാനം നഷ്ടപ്പെടാതെ, ക്രമീകരിച്ച് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന 1 & 2 പ്രകാരം ഉത്തരവാകുകയുണ്ടായി. ആയതിൻെറ അടിസ്ഥാനത്തിൽ സൂചന 4 പ്രകാരം പ്രസ്തുത സ്റ്റാഫ് നേഴ്സുമാരെ അനുബന്ധ "പട്ടിക എ" യിൽ ഉൾപ്പെടുത്തിയത് പ്രകാരം 2003-2010 കാലയളവിലെ രണ്ടാം ഗ്രേഡ് സ്റ്റാഫ് നേഴ്സുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുവാൻ താൽകാലികമായി തീരുമാനിച്ച് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു..

പ്രസ്തുത തീരുമാനത്തിനെതിരെ ലഭിച്ച അപ്പീലുകൾ പരിശോധിച്ച് അർഹമായവരെ യഥാസ്ഥാനത്ത് ചേർത്ത് താൽകാലികമായി പുറപ്പെടുവിച്ച പട്ടിക സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ലിസ്റ്റ് ബഹു: തിരുവനന്തപുരം കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള ഒ.എ. 232/18-ാം നമ്പർ കേസിൻെറ അന്തിമവിധിക്ക് വിധേയമായിരിക്കും.

(ഒപ്പ്)
ഡോ. സെമീറ എ.
അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്റ്റർ (എ&റ്റി)

സ്വീകർത്താവ്:
ബന്ധപ്പെട്ടവർക്ക് (വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ്: 1) എല്ലാ ജില്ലാ ഓഫീസർമാർക്കും (വെബ് സൈറ്റ് മുഖാന്തിരം)
2) Website:- www.dhs.kerala.gov.in
3) സൂപ്രണ്ട് ഇ.ഇ. സെക്ഷൻ

അംഗീകാരത്തോടെ

സൂപ്രണ്ട്